✎ ടി.കെ ഉബൈദ്



ഖുർആൻ ബോധനം

1039

# സൂറ - 33 / അൽ അഹ്സാബ്

**സൂക്തം: 45 - 48**

സുവിശേഷകനായ പ്രവാചകൻ, അദ്ദേഹത്തിന്റെ സന്ദേശങ്ങളിൽ വിശ്വസിച്ച് അല്ലാഹുവിന്റെ വിധിവിലക്കുകളനുസരിക്കുന്നവരെ അല്ലാഹുവിങ്കൽനിന്ന് വിപുലമായ അനുഗ്രഹങ്ങൾ ലഭിക്കുമെന്ന് സുവിശേഷം നൽകിക്കൊണ്ടിരിക്കണം. സത്യനിഷേധികളുടെ കുതന്ത്രങ്ങളും അക്രമനടപടികളും കണ്ട് അവർ നിസ്സഹായരാണെന്ന് ദുഃഖിക്കുകയോ നിരാശപ്പെടുകയോ ചെയ്യേണ്ടതില്ല. സത്യവിശ്വാസത്തിൽ അടിയുറച്ചു നിൽക്കുകയാണെങ്കിൽ അല്ലാഹു അവർക്ക് വമ്പിച്ച സൗഭാഗ്യങ്ങൾ അരുളുന്നതാകുന്നു.

يَا أَيُّهَا النَّبِيُّ إِنَّا أَرْسَلْنَاكَ شَاهِدًا وَمُبَشِّرًا وَنَذِيرًا ﴿٤٥﴾

45. അല്ലയോ പ്രവാചകാ, നാം നിന്നെ സത്യസാക്ഷിയും സുവിശേഷകനും താക്കീതുകാരനുമായി അയച്ചിരിക്കുന്നു;

وَدَاعِيًا إِلَى اللَّهِ بِإِذْنِهِ وَسِرَاجًا مُّنِيرًا ﴿٤٦﴾

46. അതായത് അല്ലാഹുവിന്റെ ആജ്ഞാനുസാരം ജനത്തെ അവങ്കലേക്കു വിളിക്കുന്നവനായും ഉജ്ജ്വല ദീപമായും.

**45,46**

يَا أَيُّهَا النَّبِيُّ = അല്ലയോ പ്രവാചകാ إِنَّا أَرْسَلْنَاكَ = നാം നിന്നെ അയച്ചിരിക്കുന്നു

شَاهِدًا = (സത്യ) സാക്ഷിയായി وَمُبَشِّرًا = സുവിശേഷകനായും وَنَذِيرًا = മുന്നറിയിപ്പു(താക്കീതു)കാരനായും

وَدَاعِيًا إِلَى اللَّهِ = (അതായത് ജനത്തെ) അല്ലാഹുവിങ്കലേക്കു വിളിക്കുന്നവനായും

بِإِذْنِهِ = അവന്റെ അനുമതി പ്രകാരം وَسِرَاجًا مُّنِيرًا = ഉജ്ജ്വലമായ ദീപമായും

സൂറയുടെ തുടക്കത്തിൽ (സൂക്തം 1-3) പ്രവാചകനു നൽകിയ ഉപദേശങ്ങൾ മറ്റൊരു ശൈലിയിൽ വീണ്ടും ഉണർത്തുകയാണീ സൂക്തങ്ങൾ. പ്രവാചകത്വ പദവിയുടെ ഗൗരവവും അദ്ദേഹത്തിൽ നിക്ഷിപ്തമായ മുഖ്യ ഉത്തരവാദിത്തങ്ങളും ഇതിൽ പ്രത്യേകം ഊന്നിപ്പറഞ്ഞിരിക്കുന്നു. ഇത് വിശ്വാസികളെയും അവിശ്വാസികളെയും, അവർ അദ്ദേഹത്തോട് സ്വീകരിക്കുന്ന സമീപനത്തിന്റെ ഗുണദോഷങ്ങളെക്കുറിച്ച് ചിന്തിക്കാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നു.

പ്രവാചക വ്യക്തിത്വത്തിന്റെ മഹത്വവും ദൗത്യങ്ങളും വ്യക്തമാക്കുന്നത് ആറു വിശേഷണങ്ങളിലൂടെയാണ്:

1) മാനവമാർഗദർശനാർഥം അല്ലാഹു നേരിട്ട് തെരഞ്ഞെടുത്തു നിയോഗിച്ച വ്യക്തിയാണ് അദ്ദേഹം. തന്റെ ദൗത്യത്തിന് സർവഥാ യോഗ്യനായ വിശുദ്ധ വ്യക്തിത്വത്തെയല്ലാതെ അല്ലാഹു തെരഞ്ഞെടുത്തയക്കില്ലല്ലോ. 'അല്ലാഹുവിനാൽ നിയുക്തൻ' എന്നതുതന്നെ അദ്ദേഹത്തിന്റെ മഹത്വത്തെയും അനുകരണീയതയെയും വിളംബരം ചെയ്യുന്നു.

2) സത്യസാക്ഷി -شاهد-ആവുകയാണ് അദ്ദേഹത്തിന്റെ പ്രഥമപ്രധാനമായ ഉത്തരവാദിത്തം. പ്രവാചകന്റെ സത്യസാക്ഷ്യത്തിന് മൂന്നു മാനങ്ങളുണ്ട്. അല്ലാഹുവിന്റെ ദീനും അവന്റെ വിധിവിലക്കുകളും ഹിതാഹിതങ്ങളും ജനങ്ങൾക്കു

തള്ളുകയോ കൊള്ളുകയോ ചെയ്യുന്നതിലും ഭാഗികമായി തള്ളുന്നതിലും ഭാഗികമായി കൊള്ളുന്നതിലും വിശ്വാസത്തിനും അവിശ്വാസത്തിനും മധ്യേ നിൽക്കുന്നതിലും ഒന്നും പ്രവാചകന് ഉത്തരവാദിത്തമില്ല; - وَمَا عَلَى الرَّسُولِ إِلَّا الْبَلَاغُ الْمُبِينُ - സന്ദേശം വ്യക്തമായി എത്തിച്ചുകൊടുക്കുക മാത്രമാകുന്നു ദൈവദൂതന്റെ ചുമതല.

5) അല്ലാഹുവിലേക്കു ക്ഷണിക്കുക -وَدَاعِيًا إِلَى اللَّهِ بِإِذْنِهِ. മുകളിൽ പറഞ്ഞ മുഖ്യ ദൗത്യത്തിന്റെ വിശദീകരണമാണിത്. അതായത്, ദൈവദൂതനും സത്യസാക്ഷിയും സുവിശേഷകനും മുന്നറിയിപ്പുകാരനുമാവുക എന്നാൽ അല്ലാഹുവിന്റെ ആജ്ഞാനുസാരം മനുഷ്യരെ അവന്റെ ദീനിലേക്കും വിധിവിലക്കുകളിലേക്കും ക്ഷണിക്കുകയാകുന്നു. പൈശാചിക ശക്തികളോടുള്ള വിശ്വാസത്തിൽനിന്നും വിധേയത്വത്തിൽനിന്നും മോചിപ്പിക്കുകയുമാകുന്നു. بِإِذْنِهِ-അവന്റെ ആജ്ഞാനുസാരം- എന്ന വാക്കിന് രണ്ട് താൽപര്യങ്ങളുണ്ട്: റസൂൽ ആകുന്നതും പ്രവർത്തിക്കുന്നതും പ്രബോധനം ചെയ്യുന്നതും അല്ലാഹുവിന്റെ കൽപനപ്രകാരമാണ്. അദ്ദേഹത്തിന്റെ സത്യസാക്ഷ്യവും സുവിശേഷവും മുന്നറിയിപ്പുമെല്ലാം അല്ലാഹുവിങ്കൽനിന്നുള്ളതാണ്. റസൂൽ അല്ലാത്തവരുടെ പ്രബോധനം അങ്ങനെയല്ല. അത് റസൂലിന്റെ സന്ദേശങ്ങൾക്ക് വിരുദ്ധമാണെങ്കിൽ പൈശാചികമാകുന്നു- ഇതാണ് ഒന്ന്. ഈ പ്രവാചകൻ പ്രവാചകത്വം സ്വയം സ്വീകരിച്ചു വന്നതല്ല; അദ്ദേഹം അല്ലാഹുവിനാൽ നിയുക്തനാകുന്നു എന്നതാണ് രണ്ടാമത്തെ താൽപര്യം. അതുകൊണ്ട് ഈ ദൗത്യത്തിൽ അദ്ദേഹം ഒറ്റപ്പെട്ടവനല്ല. അദ്ദേഹത്തിന്റെ ഓരോ ചുവടുവെപ്പിനും അല്ലാഹുവിന്റെ പിന്തുണയും സഹായവുമുണ്ട്. അദ്ദേഹത്തിന്റെ പ്രതിയോഗികൾ എത്രയൊക്കെ പരിശ്രമിച്ചാലും എന്തൊക്കെ കുതന്ത്രങ്ങളും ഗൂഢാലോചനകളും സംഘടിപ്പിച്ചാലും അദ്ദേഹം ദൗത്യലക്ഷ്യം പ്രാപിക്കുക തന്നെ ചെയ്യും.

6) ഉജ്ജ്വലമായ ദീപം - سِرَاجًا مُّنِيرًا ആയിരിക്കുക. ഇതു പ്രവാചക ദൗത്യമായ സുവിശേഷത്തിന്റെയും താക്കീതിന്റെയും ആലങ്കാരികമായ വിശദീകരണമാകുന്നു. അതായത് അല്ലാഹു അദ്ദേഹത്തെ ഈ ഭൂമിയിൽ കത്തിച്ചുവെച്ച ഒരു വിളക്കാക്കിയിരിക്കുന്നു. ആ വെളിച്ചത്തിലാണ് അദ്ദേഹം സ്വയം ചരിക്കുന്നത്. അദ്ദേഹത്തെ- അദ്ദേഹത്തിന്റെ ജീവിതം- കാണുന്നവർക്ക് സത്യത്തിന്റെയും സന്മാർഗത്തിന്റെയും വെളിച്ചം കാണാൻ കഴിയുന്നു. അങ്ങനെ മറ്റുള്ളവരെ അദ്ദേഹം ഇരുട്ടിൽനിന്ന് വെളിച്ചത്തിലേക്കു നയിക്കുന്നു. ആ വെളിച്ചത്തിനു നേരെ കണ്ണുതുറക്കാൻ കൂട്ടാക്കാത്തവർ കണ്ണടച്ച് ഇരുട്ടാക്കുന്നവരാണ്. അവൻ ആ ഇരുട്ടിലൂടെ നടന്ന് നരകത്തിൽ പതിക്കാൻ വിധിക്കപ്പെട്ടിരിക്കുന്നു. سِرَاجًا مُّنِيرًا എന്നു വിശേഷിപ്പിക്കുന്നത് മുഹമ്മദ് നബിയിലൂടെ അവതീർണമായ വിശുദ്ധ ഖുർആനിനെയാണെന്നും ചിലർ വ്യാഖ്യാനിച്ചിരിക്കുന്നു. ഖുർആനിൽ വിശ്വസിക്കുകയും അതിന്റെ ഉപദേശങ്ങളനുസരിച്ച് ജീവിതം ക്രമീകരിക്കാനാഗ്രഹിക്കുകയും ചെയ്യുന്നവർക്ക് തങ്ങളുടെ മുന്നിൽ കത്തിച്ചുവെച്ച വിളക്കു തന്നെയാണ് ഖുർആൻ എന്നു സാരം. ●

മുമ്പിൽ വാചാ സാക്ഷ്യപ്പെടുത്തുക അഥവാ പ്രബോധനം ചെയ്യുകയാണ് ഒന്ന്. താൻ പ്രബോധനം ചെയ്യുന്ന ദർശനങ്ങളും ധർമശാസനകളും പ്രായോഗികവും വിശിഷ്ടങ്ങളുമാണെന്ന് സ്വന്തം ജീവിതചര്യയിലൂടെ സാക്ഷ്യപ്പെടുത്തുക -കാണിച്ചുകൊടുക്കുകയാണ് രണ്ടാമത്തേത്. ഈ രണ്ടു സത്യസാക്ഷ്യവും - شَهَادة الحق- അദ്ദേഹത്തിന്റെ സമുദായത്തിലും അർപ്പിതമായ ഉത്തരവാദിത്തമാകുന്നു. 2:143-ൽ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു:

وَكَذَٰلِكَ جَعَلْنَاكُمْ أُمَّةً وَسَطًا لِّتَكُونُوا شُهَدَاءَ عَلَى النَّاسِ وَيَكُونَ الرَّسُولُ عَلَيْكُمْ شَهِيدًا

(ഈവിധം നിങ്ങളെ നാം ഒരു മധ്യമസമുദായമാക്കിയിരിക്കുന്നു; നിങ്ങൾ ലോകജനതക്കു സത്യത്തിന്റെ സാക്ഷികളാകുന്നതിനു വേണ്ടിയും ദൈവദൂതൻ നിങ്ങൾക്കു സാക്ഷിയാകുന്നതിനുവേണ്ടിയും). അല്ലാഹുവിനെയും അവന്റെ ധർമശാസനകളെയും ധിക്കരിച്ച് സത്യനിഷേധികൾക്കെതിരെ അന്ത്യനാളിൽ അല്ലാഹുവിന്റെ കോടതിയിൽ മൊഴിനൽകുന്നവൻ എന്നതാണ് സാക്ഷി - شاهد ആകുന്നതിന്റെ മൂന്നാമത്തെ മാനം. ഇതേക്കുറിച്ച് 16:89-ൽ പ്രസ്താവിക്കുന്നു:

وَيَوْمَ نَبْعَثُ فِي كُلِّ أُمَّةٍ شَهِيدًا عَلَيْهِم مِّنْ أَنفُسِهِمْ وَجِئْنَا بِكَ شَهِيدًا عَلَىٰ هَٰؤُلَاءِ

(ഓരോ സമുദായത്തിലും അവർക്കെതിരായ സാക്ഷിയെ നാം അവരിൽനിന്നുതന്നെ എഴുന്നേൽപിക്കുന്ന ദിവസത്തെക്കുറിച്ച് ഓർത്തുനോക്കുക. അന്ന് ഈ സമുദായത്തിനെതിരെ സാക്ഷി പറയാൻ നിന്നെയും ഹാജരാക്കുന്നതാകുന്നു). തങ്ങൾ അല്ലാഹുവിന്റെ സന്ദേശം കൃത്യമായി തങ്ങളുടെ ജനങ്ങൾക്ക് എത്തിച്ചുകൊടുത്തിട്ടുണ്ടെന്നും അവരത് ബോധപൂർവം തള്ളിക്കളഞ്ഞുകൊണ്ട് അസത്യവും അധർമവും അനുവർത്തിക്കുകയായിരുന്നുവെന്നുമായിരിക്കും ഓരോ പ്രവാചകനും നൽകുന്ന സാക്ഷിമൊഴി.

3) സുവിശേഷകൻ - مُبَشِّر. താൻ പ്രബോധനം ചെയ്യുന്ന ദൈവിക സന്ദേശങ്ങളിൽ വിശ്വസിക്കുകയും ആ സന്ദേശങ്ങളയച്ച അല്ലാഹുവിനോട് ഭയഭക്തി പുലർത്തുകയും അവനിഷ്ടപ്പെടുന്ന സൽക്കർമങ്ങൾ ആചരിക്കുകയും അവന്റെ വിധിവിലക്കുകൾ പാലിക്കുകയും ചെയ്യുന്നവർക്ക് ശാശ്വതമായ ജീവിത വിജയത്തിന്റെ, നിത്യസൗഭാഗ്യത്തിന്റെ സന്തോഷവാർത്തയും ശുഭപ്രതീക്ഷയും നൽകുകയാണ് സുവിശേഷകന്റെ ദൗത്യം.

4) താക്കീതുകാരൻ - نَذِير. ഇത് സുവിശേഷത്തിന്റെ മറുവശമാണ്. അതായത്, താൻ പ്രബോധനം ചെയ്യുന്ന സത്യസന്ദേശങ്ങൾ തള്ളിക്കളയുകയും ജഢികാസക്തികൾക്കടിപ്പെട്ട് ഭൗതികപ്രമത്തരായി വാഴുകയും ചെയ്യുന്നവരെ ആ ജീവിത ചര്യയുടെ ഭയാനകമായ അനന്തരഫലങ്ങളെക്കുറിച്ച് താക്കീതു ചെയ്യുന്നവനാണ് نَذِير. സത്യസാക്ഷ്യവും സുവിശേഷ പ്രഘോഷണവും താക്കീതും - شَهَادة الحَقّ، تبشير، انذار ആണ് പ്രവാചകന്റെ മുഖ്യ ദൗത്യം. മറ്റു കാര്യങ്ങളെല്ലാം ഈ മുഖ്യദൗത്യത്തിന്റെ ഘടകങ്ങളും താൽപര്യങ്ങളും അനുബന്ധങ്ങളുമാകുന്നു. ജനങ്ങൾ പ്രവാചക സന്ദേശം

وَبَشِّرِ ٱلْمُؤْمِنِينَ بِأَنَّ لَهُم مِّنَ ٱللَّهِ فَضْلًا كَبِيرًا ﴿٤٧﴾

47. ആകയാൽ നീ സത്യവിശ്വാസികളെ അവർക്ക് അല്ലാഹുവിങ്കൽനിന്ന് വിപുലമായ അനുഗ്രഹമുണ്ടെന്ന സുവിശേഷമറിയിച്ചുകൊണ്ടിരിക്കേണം.

**47**

وَبَشِّرِ الْمُؤْمِنِينَ = (ആകയാല്‍) നീ സത്യവിശ്വാസികളെ സുവിശേഷമറിയിച്ചുകൊണ്ടിരിക്കേണം

بِأَنَّ لَهُم = അവര്‍ക്ക് ഉണ്ടെന്ന് مِّنَ اللَّهِ = അല്ലാഹുവിങ്കല്‍നിന്ന്

فَضْلًا كَبِيرًا = വലിയ (വിപുലമായ) അനുഗ്രഹം

സുവിശേഷകനായ പ്രവാചകന്‍, അദ്ദേഹത്തിന്റെ സന്ദേശങ്ങളില്‍ വിശ്വസിച്ച് അല്ലാഹുവിന്റെ വിധിവിലക്കുകളനുസരിക്കുന്നവരെ അല്ലാഹുവിങ്കല്‍നിന്ന് വിപുലമായ അനുഗ്രഹങ്ങള്‍ ലഭിക്കുമെന്ന് സുവിശേഷം നല്‍കിക്കൊണ്ടിരിക്കണം. സത്യനിഷേധികളുടെ കുതന്ത്രങ്ങളും അക്രമനടപടികളും കണ്ട് അവര്‍ നിസ്സഹായരാണെന്ന് ദുഃഖിക്കുകയോ നിരാശപ്പെടുകയോ ചെയ്യേണ്ടതില്ല. സത്യവിശ്വാസത്തില്‍ അടിയുറച്ചു നില്‍ക്കുകയാണെങ്കില്‍ അല്ലാഹു അവര്‍ക്ക് വമ്പിച്ച സൗഭാഗ്യങ്ങള്‍ അരുളുന്നതാകുന്നു. ക്ഷമകൊണ്ടും സ്ഥൈര്യം കൊണ്ടും തങ്ങള്‍ അതിനര്‍ഹരാണെന്ന് അവര്‍ തെളിയിക്കട്ടെ. فَضْلًا كَبِيرًا സ്വര്‍ഗലബ്ധിയാണെന്ന് ചില പണ്ഡിതന്മാര്‍ അഭിപ്രായപ്പെട്ടിരിക്കുന്നു. സത്യവിശ്വാസികള്‍ക്ക് ഇഹലോകത്തുണ്ടാകുന്ന നേട്ടങ്ങളും ഉള്‍പ്പെടുന്നതാണ് فَضْلًا كَبِيرًا എന്നു കരുതുന്നതാണ് കൂടുതല്‍ ഉചിതം. ഈ സൂക്തം അവതരിച്ച ശേഷമുണ്ടായ മക്കാവിമോചനം പോലുള്ള വിജയങ്ങള്‍ അക്കൂട്ടത്തില്‍പെടുന്നു. ●

---

وَلَا تُطِعِ ٱلْكَٰفِرِينَ وَٱلْمُنَٰفِقِينَ وَدَعْ أَذَىٰهُمْ وَتَوَكَّلْ عَلَى ٱللَّهِ ۚ وَكَفَىٰ بِٱللَّهِ وَكِيلًا ﴿٤٨﴾

48. കാഫിറുകള്‍ക്കും കപടന്മാര്‍ക്കും നീ അശേഷം വഴങ്ങിക്കൂടാ. അവരുടെ ശല്യങ്ങള്‍ ഒട്ടും സാരമാക്കാതെ വിട്ടുകളയുക. സര്‍വവും അല്ലാഹുവില്‍ അര്‍പ്പിക്കുക. നിന്റെ കാര്യങ്ങള്‍ ഭരമേല്‍ക്കുന്നവനായിട്ട് അല്ലാഹു തന്നെ മതി.

**48**

وَلَا تُطِعِ الْكَافِرِينَ وَالْمُنَافِقِينَ = നീ കാഫിറുകള്‍ക്കും കപടന്മാര്‍ക്കും(അശേഷം) വഴങ്ങിക്കൂടാ

وَدَعْ أَذَاهُمْ = അവരുടെ ശല്യം (ങ്ങള്‍ ഒട്ടും സാരമാക്കാതെ) വിട്ടുകളയുക

وَتَوَكَّلْ عَلَى اللَّهِ = നീ (സര്‍വവും) അല്ലാഹുവില്‍ ഭരമേല്‍പിക്കുക

وَكَفَىٰ بِاللَّهِ = അല്ലാഹു (തന്നെ) മതിയായിരിക്കുന്നു وَكِيلًا = നിന്റെ കാര്യങ്ങള്‍ ഭരമേല്‍ക്കുന്നവന്‍ (വക്കീല്‍) ആയിട്ട്

ഈ സൂക്തത്തിന്റെ പ്രഥമഖണ്ഡം സൂറയുടെ ഒന്നാം സൂക്തത്തിന്റെ രണ്ടാം ഖണ്ഡമായും മൂന്നാം ഖണ്ഡം മൂന്നാം സൂക്തമായും വന്നിട്ടുള്ളതാണ്. രണ്ടാം ഖണ്ഡത്തിന്റെ ആശയം നേരത്തേ വ്യത്യസ്തരൂപത്തില്‍ അവതരിപ്പിച്ചിരിക്കുന്നു. ഉദാ: خُذِ الْعَفْوَ وَأْمُرْ بِالْعُرْفِ وَأَعْرِضْ عَنِ الْجَاهِلِينَ (വിട്ടുവീഴ്ച കൈക്കൊള്ളുക. നന്മ കല്‍പിക്കുക അവിവേകികളെ അവഗണിക്കുക - 7:199).

فَاعْفُ عَنْهُمْ وَاصْفَحْ إِنَّ اللَّهَ يُحِبُّ الْمُحْسِنِينَ (അവരോട് ക്ഷമിക്കുക, അവരുടെ ദ്രോഹങ്ങള്‍ക്ക് നേരെ കണ്ണടക്കുക, നന്മ ചെയ്യുന്നവരെ തീര്‍ച്ചയായും അല്ലാഹു സ്നേഹിക്കുന്നുണ്ട് - 5:13). ക്ഷമയും വിട്ടുവീഴ്ചയും സൗമനസ്യവും ദീനീപ്രബോധനത്തില്‍ മാത്രമല്ല എല്ലാ കാര്യങ്ങളിലും വിശ്വാസികള്‍ മുറുകെ പിടിക്കേണ്ട ഗുണങ്ങളാണ്. വിവാഹമോചനം ചര്‍ച്ച ചെയ്യുന്നിടത്ത് പറയുന്നു: وَأَن تَعْفُوا أَقْرَبُ لِلتَّقْوَىٰ وَلَا تَنسَوُا الْفَضْلَ بَيْنَكُمْ (നിങ്ങള്‍ വിട്ടുവീഴ്ച ചെയ്യുന്നതാണ് ദൈവഭക്തിക്ക് ഏറ്റം ഇണങ്ങുന്നത്. പരസ്പര വ്യവഹാരങ്ങളില്‍ ഔദാര്യം മറക്കാതിരിക്കുക - 2:237). സത്യവിശ്വാസികളുടെ സ്വഭാവം വര്‍ണിച്ചുകൊണ്ട് പറയുന്നു: وَالْكَاظِمِينَ الْغَيْظَ وَالْعَافِينَ عَنِ النَّاسِ (അവര്‍ കോപം വന്നാല്‍ സ്വയം വിഴുങ്ങുന്നവരും ആളുകളുടെ തെറ്റുകുറ്റങ്ങള്‍ ക്ഷമിക്കുന്നവരുമാകുന്നു - 3:134).

ഈ സന്ദര്‍ഭത്തില്‍ വചനതാല്‍പര്യം ഇതാണ്: സത്യസാക്ഷിയുടെയും സുവിശേഷകന്റെയും മുന്നറിയിപ്പുകാരന്റെയും ഉത്തരവാദിത്തങ്ങള്‍ നിര്‍വഹിക്കുമ്പോള്‍ പ്രവാചകന് പ്രതിയോഗികളില്‍നിന്ന് പലവക പ്രതിബന്ധങ്ങളും ദ്രോഹനടപടികളും നേരിടേണ്ടിവരുന്നുണ്ട്. പ്രവാചകനെ ഈ ദൗത്യത്തില്‍നിന്ന് പിന്തിരിപ്പിക്കുകയാണ് അവരുടെ ലക്ഷ്യം. അത്തരം സത്യനിഷേധികള്‍ക്കും കപടന്മാര്‍ക്കും പ്രവാചകന്‍ ഒരിക്കലും വഴങ്ങിപ്പോകരുത്. എന്നാല്‍ അവരുടെ ദ്രോഹനടപടികളെ അതേ നാണയത്തില്‍ തിരിച്ചടിക്കാനും നില്‍ക്കരുത്. അവരെ അവഗണിക്കുക. وَدَعْ أَذَاهُمْ എന്നാണ് മൂലവാക്ക്. وَدَعَ(തള്ളിപ്പുറത്താക്കി)യില്‍നിന്നുള്ള ശാസനാ രൂപമാണ് دَعْ. 'വിട്ടുകള' എന്നര്‍ഥം. ഗുരുതരമായ അക്രമങ്ങള്‍ക്കു താഴെയുള്ള പീഡനവും ശല്യവുമാണ് أذى. യുദ്ധവും കലാപവും പോലുള്ള അതിക്രമങ്ങളുണ്ടാകുമ്പോള്‍ യുക്തമായ രീതിയില്‍ നേരിടുക തന്നെ വേണം. അക്കാര്യം ഖുര്‍ആന്‍ നേരത്തേ പല സൂക്തങ്ങളില്‍ വ്യക്തമാക്കിയിരിക്കുന്നു. പ്രതിയോഗികളുടെ പരിഹാസം, പരദൂഷണം, അപവാദപ്രചാരണം പോലുള്ള ശല്യപ്പെടുത്തലുകളില്‍ മനസ്സ് വേവുകയോ നിരാശപ്പെടുകയോ ചെയ്യാതെ എല്ലാം അല്ലാഹുവില്‍ സമര്‍പ്പിച്ച് മുന്നോട്ടു പോകണം. കപടന്മാരും കാഫിറുകളും സംഘടിപ്പിക്കുന്ന കുതന്ത്രങ്ങളും കുപ്രചാരണങ്ങളും പരാജയപ്പെടുത്താന്‍ എത്രയും മതിയായവനാണ് അല്ലാഹു. പ്രവാചകന്റെയും വിശ്വാസികളുടെയും പ്രശ്നങ്ങള്‍ കൈകാര്യം ചെയ്യുന്ന ഏറ്റവും സമര്‍ഥനായ വക്കീലും അവന്‍ തന്നെ. ●